# ECHO OF HIS CALL

MALAYALAM

## വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Mr. Benjamin Moses

Vol. XXVIII YEAR OF OUR LORD JESUS CHRIST, APRIL 2022 No. 6


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

1 യോഹന്നാൻ 4:7 – 14

07. പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു; സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറികയും ചെയ്യുന്നു.

08. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നേ.

09. ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന്നു ലോകത്തിലേക്കു അയച്ചു എന്നുള്ളതിനാൽ ദൈവത്തിന്നു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി.

10. നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നേ സാക്ഷാൽ സ്നേഹം ആകുന്നു.

11. പ്രിയമുള്ളവരേ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു.

12. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല, നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു; അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു.

13. നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്നു അവൻ തന്റെ ആത്മാവിനെ തന്നതിനാൽ നാം അറിയുന്നു.

14. പിതാവു പുത്രനെ ലോകരക്ഷിതാവായിട്ടു അയച്ചിരിക്കുന്നു എന്നു ഞങ്ങൾ കണ്ടു സാക്ഷ്യം പറയുന്നു.

# യേശുവിന്റെ കുരിശ്!

ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു (1കൊരിന്ത്യർ 1:18)

THE CROSS OF JESUS

ബ്ര. എം. പോൾരാജ്

ഒരുകാലത്ത് കുരിശ് ശാപത്തിന്റെ പ്രതീകമായി കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തിലൂടെ ശാപം മാറി രക്ഷയുടെയും സ്നേഹത്തിന്റെയും പ്രതീകമായി മാറി. അനുഗ്രഹത്തിന്റെയും സ്നേഹത്തിന്റെയും അടയാളമായി ഇന്ന് കോടിക്കണക്കിന് ആളുകൾ അവരുടെ മാലയിൽ കുരിശിന്റെ രൂപം തൂക്കിയിട്ടിരിക്കുന്നു. "മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ (ഗലാത്യർ 3:13) എന്ന് വേദപുസ്തകം പറയുന്നു. പക്ഷെ യേശുക്രിസ്തു അതിനെ രക്ഷയുടെയും സ്നേഹത്തിന്റെയും പ്രതീകമാക്കി മാറ്റി. യേശുക്രിസ്തു കുരിശിൽ മരിക്കാൻ സ്വയം തീരുമാനമെടുത്തില്ല, എന്നാൽ യഹൂദന്മാരും റോമാക്കാരും യേശുവിനെ കുറ്റവാളിയായി കണക്കാക്കി ഈ ശിക്ഷ വിധിച്ചു.

### ലോകം എങ്ങനെ കാണുന്നു?

"കുരിശ് പരമമായ ത്യാഗത്തിന്റെ പ്രതീകമാണ്. ഇത് ലോകത്തിനു മുഴുവനായുള്ള അടയാളമാണ്. കുരിശ് ലോകത്തിന് എക്കാലത്തേക്കും നൽകിയിട്ടുള്ള പൈതൃകമാണ്" എന്ന് ഇരുപതാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് കവിയും ചിന്തകനുമായ ടി.എസ്. എലിയട്ട് പറയുന്നു. "കുരിശ് ദുഃഖത്തിന്റെയും കഷ്ടപ്പാടിന്റെയും പ്രതീകമാണ്" എന്ന് ഇന്ത്യൻ തത്വചിന്തകനായ ഡോ. എസ്. രാധാകൃഷ്ണൻ സൂചിപ്പിക്കുന്നു. "കുരിശ് രക്ഷയാണ്, കുരിശ് ജീവിതമാണ്, കുരിശ് ശത്രുക്കളിൽനിന്നുള്ള രക്ഷാകവചമാണ്, കുരിശ് സ്വർഗ്ഗത്തിന്റെ നന്മ നമുക്ക് പ്രദാനം ചെയ്യുന്നു, കുരിശ് നന്മയുടെ കൊടുമുടിയാണ്, കുരിശ് വിശുദ്ധിയുടെ പൂർണ്ണതയുമാണ്" എന്ന് 15-ാം നൂറ്റാണ്ടിലെ കവിയും ചിന്തകനുമായ തോമസ് എ. കെംപിസ് "ക്രിസ്തുവിന്റെ അനുകരണം" എന്ന തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. "അത് രക്ഷിക്കായി ദൈവശക്തിയാകുന്നുവല്ലോ" എന്ന് പൗലൊസ് പ്രഖ്യാപിക്കുന്നു.

ലൗകീകരായ അനേകരും കരുതുന്നത് കുരിശിന്റെ സന്ദേശം വിവേകരഹിതം എന്നാണ്. പക്ഷെ രക്ഷിക്കപ്പെട്ട നമുക്കോ അത് ദൈവശക്തിയാകുന്നു. കുരിശിന്റെ ധ്യാനം നമുക്ക് ആവേശമാണ്.

### ക്രൂശീകരണത്തിന്റെ ഭീകരത

കുറ്റവാളികൾക്കുള്ള ഏറ്റവും വലിയ ശിക്ഷ ക്രൂശീകരണം ആയതിനാൽ താൻ ക്രൂശിക്കപ്പെടുമെന്ന് യേശുവിന് അറിയാമായിരുന്നു. ജൂതന്മാരും റോമാക്കാരും യേശുവിനെ കുറ്റവാളിയായി കണക്കാക്കി. യഹൂദന്മാർക്ക് യേശുക്രിസ്തു അവരുടെ പാരമ്പര്യ ആചാര

3-ാം പേജിൽ തുടരും...

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

*from your dearly beloved brother...*





## വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും (യോഹന്നാൻ 11:40)

ക്രിസ്തുവിൽ പ്രിയ സ്നേഹിതരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹാശംസകൾ അറിയിക്കട്ടെ

നിങ്ങളുടെ നിരന്തരമായ പ്രാർത്ഥനയും പിന്തുണയും കൊണ്ടാണ് ഞങ്ങളുടെ എല്ലാ ശുശ്രൂഷകളും, പ്രത്യേകിച്ച് പ്രാർത്ഥനാ ശുശ്രൂഷ, 16 ഭാഷകളിലുള്ള മാസിക ശുശ്രൂഷ, സഭയുടെ ശുശ്രൂഷകൾ, ബൈബിൾ കോളേജുകൾ, ഓൺലൈൻ ഹിന്ദി ബൈബിൾ കോളേജ്, കറസ്പോണ്ടൻസ് കോഴ്സുകൾ, സുവിശേഷ അച്ചടിശാല, കുട്ടികൾക്കിടയിലെ ശുശ്രൂഷ, ആശുപത്രി ശുശ്രൂഷ, ഗ്രാമീണ ഹൈസ്കൂൾ എന്നിവ നന്നായി പ്രവർത്തിക്കുന്നു. ദൈവത്തിന്റെ കരുണകൾക്കായി ഞങ്ങൾ നന്ദിയർപ്പിക്കുന്നു.

അടുത്ത കാലത്തായി സുവിശേഷ പ്രവർത്തനത്തിനും പ്രവർത്തകർക്കും നിരവധി എതിർപ്പുകളും തടസ്സങ്ങളും നാം കാണുന്നുണ്ട്. ഈ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരെക്കുറിച്ച് നാം പഠിക്കുമ്പോൾ ഇവർ പള്ളികളിൽ നിന്നും നിരവധി സഹായങ്ങൾ ലഭിച്ചിട്ടുള്ളവരും ക്രിസ്തീയ സ്ഥാപനങ്ങളിൽ പഠിച്ചിട്ടുള്ളവരുമാണെന്ന് നമുക്ക് മനസ്സിലാക്കാം. അവർ പഠിച്ചിരുന്ന ക്രിസ്തീയ വിദ്യാലയങ്ങളുടെയും കോളേജുകളുടെയും പേരുകൾ അഭിമാനത്തോടെ പറയുമെങ്കിലും ഇപ്പോൾ അവർ സഭകളെയും ക്രിസ്തീയ ധർമ്മസ്ഥാപനങ്ങളെയും വെറുക്കുന്നു.

എന്താണ് ഈ വെറുപ്പിനു പിന്നിലെ കാരണം? ഈ വിഷയത്തിന്റെ ആഴങ്ങളിലേക്ക് പോകുമ്പോൾ കുറ്റത്തിന്റെ ഒരു ഭാഗം അക്കാലത്തെ നമ്മുടെ ദൈവദാസന്മാരിലും വിദ്യാഭ്യാസ വിദഗ്ദരിലും ആണെന്നു നമുക്കു മനസ്സിലാക്കുവാൻ സാധിക്കും. ഇവരൊക്കെ പ്രതിബന്ധതയോടെയും സത്യസന്ധതയോടും വിവേചനത്തോടെയും പ്രവർത്തിച്ചതായി കാണാൻ സാധിക്കും.

ഇത് ഒരു ഉദാഹരണത്തിലൂടെ വിശദീകരിക്കാം. ഞാൻ പഠിച്ചിരുന്ന ഗവൺമെന്റ് ഹൈസ്കൂളിൽ അദ്ധ്യാപകരായി കത്തോലിക്ക സഭാവിഭാഗത്തിലുള്ള ശ്രീ. തോമസും മറ്റൊരു ക്രിസ്തീയ വിഭാഗത്തിലുള്ള ശ്രീ. ജോൺസൺ എന്ന വ്യക്തിയും ഉണ്ടായിരുന്നു. ഇവർ പഠിപ്പിക്കുന്ന രീതിയിലും പെരുമാറ്റത്തിലും വേഷവിധാനത്തിലും മറ്റുമൊക്കെ ഉന്നത നിലവാരം പുലർത്തിയിരുന്നു. അനേകം വിദ്യാർത്ഥികൾ ഇവരെ അനുകരിച്ച് ദൈവഭയമുള്ള കുട്ടികളായി പുറത്തു വന്നു. അതിൽ ഞാനും ഒരാളായിരുന്നു.

ക്രിസ്തീയ സ്കൂളുകളിലും കോളേജുകളിലും പഠിച്ച നിരവധി പേരെയും ചില സഹായങ്ങൾക്കുവേണ്ടി മാത്രം ആരാധനകളിൽ സംബന്ധിച്ച ചിലരെയും നമുക്കു കാണാം. ക്രിസ്തീയ ആശുപത്രികളിൽ നിന്നും ലഭിച്ച വൈദ്യചികിത്സ കാരണം പുതുജീവിതം ലഭിച്ച പലരും ഇപ്പോൾ ദൈവവചനത്തെയും ദൈവദാസന്മാരെയും വെറുക്കുകയും എതിർക്കുകയും ചെയ്യുന്നു. ഇതിനു കാരണം ക്രിസ്ത്യാനികളുടെയും വിദ്യാഭ്യാസ വിചക്ഷണന്മാരുടെയും പോരായ്മയാണ്. തെറ്റ് മുഴുവനും നമ്മിൽ തന്നെയാണ്. ദൈവത്തെ അവരുടെ ഉള്ളിൽ പ്രതിഷ്ഠിക്കുവാൻ നമുക്ക് സാധിച്ചില്ല.

ക്രിസ്ത്യാനികളായ നാം ഭാവിയിൽ ദൈവവിളി എന്താണെന്നു മനസ്സിലാക്കി, പ്രാർത്ഥനാ ജീവിതത്തിൽ നല്ല മാതൃക വെച്ചുകൊണ്ട് ബുദ്ധിയോടെ പ്രവർത്തിച്ച്, ജീവകാരുണ്യ

**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

**CHIEF EDITOR**
Angeline Selvakumari Henry, M.A., M.Ed.

**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**
Bro. N. Prakasam, M.A., General Manager

**EDITORIAL BOARD**
Sis. Jesy Veena Sam
Bro. M. Paulraj, M.A., B.Ed.
Sis. Serena Bevin, M.A., M.Phil., B.Ed.

**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**E.mail ID**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**
Echo of His Call

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) ✿ BIBLECOR - Postal Courses (3 languages) ✿ Online Courses ✿ Theological Correspondence Courses (2 languages) ✿ Church Planting ✿ Nehemiah Bible Colleges ✿ Gospel Printing Press ✿ Great Commission Partners ✿ St. Paul's Matriculation School ✿ Crusades ✿ Community Development

പ്രവർത്തികൾ ചെയ്ത് നല്ല മാതൃക കാട്ടിയാൽ നമ്മെ കാണുന്നവരും ഇതു പിന്തുടർന്ന് ദൈവികഭയത്തിൽ ജീവിക്കും. ദൈവവേലക്കാരും, സ്കൂളിലെയും കോളേജിലെയും അദ്ധ്യാപകരും യഥാർത്ഥ ക്രിസ്തീയ ജീവിതം നയിച്ച് ജീവിതത്തിന്റെ എല്ലാ മേഖലകളിലും ക്രിസ്തുവിനെ പ്രതിബിംബിക്കുന്നതായിരിക്കണം. എന്നാൽ മാത്രമേ എല്ലാ കെട്ടുപാടുകളിൽനിന്നും യഥാർത്ഥ മോചനം സാദ്ധ്യമാകുകയുള്ളൂ.

“സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും” (യോഹന്നാൻ 8:32).

വിളിയുടെ പ്രതിധ്വനി കുടുംബം ഇതെല്ലാം തങ്ങളുടെ ഹൃദയത്തിൽ സംഗ്രഹിച്ച് അവരുടെ പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്യട്ടെ.

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ
**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**
(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com

*1-ാം പേജിന്റെ തുടർച്ച...*

ങ്ങൾക്ക് ഭീഷണിയായിരുന്നു. റോമാക്കാരാണെങ്കിൽ അവരുടെ ആധിപത്യത്തിനു ഭീഷണിയാവാതിരിക്കാൻ ആഗ്രഹിച്ചു. കുരിശുമരണത്തിനുമുമ്പു തന്നെ യേശുവിന് തന്റെ മരണത്തെക്കുറിച്ച് അറിയാമായിരുന്നു. ഇത് തന്റെ ശിഷ്യന്മാരോട് പറഞ്ഞിരുന്നു എങ്കിലും അവർ കാര്യമാക്കിയില്ല. കാരണം അവരുടെ യജമാനനോടുള്ള സ്നേഹം അവരുടെ കണ്ണും മനസ്സും അന്ധമാക്കിയിരുന്നു.

വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവരോട് മൃഗത്തേക്കാൾ മോശമായാണ് പെരുമാറിയിരുന്നത്. ആരും അത് ഗണ്യമാക്കാറുമില്ല. ക്രൂശിക്കപ്പെടുന്നതിനുമുമ്പ് കുറ്റവാളിയുടെ നഗ്നശരീരത്തിൽ തുകൽ ചമ്മട്ടി കൊണ്ട് നിഷ്കരുണം അടിക്കുമായിരുന്നു. ചമ്മട്ടിയുടെ അഗ്രം മൂന്നോ നാലോ ഭാഗമായി പിരിഞ്ഞ് ഓരോ ഭാഗത്തും അസ്ഥി കഷണങ്ങളോ ചൂണ്ട പോലെ കൊളുത്തി പിടിക്കുന്ന ഇരുമ്പ് കഷണങ്ങളോ കെട്ടുന്നു. ഒരു സമയത്ത് കുറ്റവാളിയുടെ മുതുകിൽ 39 അടികൾ നൽകുന്നു, ചിലപ്പോൾ അത് ആവർത്തിക്കുന്നു. കുറ്റവാളിയുടെ പകുതി ജീവൻ ഈ പ്രവൃത്തിയിലൂടെ ഇല്ലാതാക്കും. ഒരു തെറ്റും ചെയ്യാത്ത യേശുവും ഇതെല്ലാം അനുഭവിക്കേണ്ടിവന്നു. ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല എന്ന് റോമാ ഗവർണ്ണർ ആയ പീലാത്തോസ് പ്രഖ്യാപിച്ചു എങ്കിലും പരീശന്മാരും യഹൂദന്മാരും അവന്റെ മരണത്തിനായി നിലവിളിക്കുകയും യേശുവിന് മരണശിക്ഷ വിധിക്കുകയും ചെയ്തു. അവർ നിരപരാധിയുടെ രക്തം ചൊരിഞ്ഞു. സങ്കീർത്തനക്കാരൻ വർഷങ്ങൾക്കുമുമ്പേ ഇങ്ങനെ പ്രവചിച്ചു പറഞ്ഞു: “ഉഴവുകാർ എന്റെ മുതുകിന്മേൽ ഉഴുതു; ഉഴവു ചാലുകളെ അവർ നീളത്തിൽ കീറി” (സങ്കീർത്തനങ്ങൾ 129:3).

## യേശു ക്രൂശീകരിക്കപ്പെട്ടു!

സാധാരണയായി ക്രൂശീകരണ സ്ഥലം നഗരത്തിന്റെയോ പട്ടണത്തിന്റെയോ പുറത്തായിരിക്കും. ക്രൂശിക്കപ്പെടേണ്ട വ്യക്തി മരകുരിശും ചുമന്ന് ക്രൂശീകരണ സ്ഥലത്തേക്ക് നടന്നു പോകണം. ഇയാൾ ചെയ്ത കുറ്റം എഴുതി മറ്റുള്ളവർക്കു കാണാൻ പാകത്തിന് കഴുത്തിൽ തൂക്കിയിടും. ശരീരത്തിലെ സ്വകാര്യഭാഗങ്ങൾ മാത്രം ചെറിയ തുണി കൊണ്ട് മറച്ച് പട്ടാളക്കാർ നിർദ്ദാക്ഷണ്യം നടത്തിക്കും. പകലിന്റെ കൊടും ചൂടും രാത്രിയുടെ തണുപ്പും ഇയാൾ സഹിക്കണം. ശരീരത്തിന്റെ പുറകുവശം ചാട്ടവാറടിയേറ്റ് ഉഴുതുമറിച്ച വയൽ പോലെയായിരിക്കും.

ക്രൂശീകരണസമയം തടി കൊണ്ടുള്ള കുരിശിൽ രണ്ടു കൈയും നിവർത്തി, രണ്ടു കാലുകളും ഒന്നിന്റെ മുകളിൽ മറ്റേതു വച്ച് മലർന്ന് കിടക്കണം. കൈകളും കാലുകളും കുരിശിനോടു ചേർത്ത് ആണിയടിക്കുകയോ കെട്ടിവയ്ക്കുകയോ ചെയ്യും. യേശുവിന്റെ കൈകാലുകളിൽ ആണിയടിച്ചു. യേശുവിനെ വെള്ളിയാഴ്ച ക്രൂശിച്ചു. കുരിശിനെ ഒരു കുഴിയിൽ എടുത്തു നിറുത്തി. ക്രൂശീകരിക്കപ്പെടുന്ന വ്യക്തി ആകാശത്തിനും ഭൂമിയ്ക്കും മദ്ധ്യേ തൂങ്ങിക്കിടക്കും. ശനിയാഴ്ച യഹൂദന്മാരുടെ ശബത്ത് ആയതിനാൽ അന്നേദിവസം ആരെയും കുരിശിൽ കിടക്കാൻ അനുവദിക്കുകയില്ല. അതിനാൽ അയാൾ വെള്ളിയാഴ്ച തന്നെ മരിക്കാതിരുന്നാൽ പട്ടാളക്കാർ അയാളുടെ കൈയും കാലും ഒടിച്ച് മരണത്തിന്റെ വേഗത കൂട്ടുന്നു. ചിലർ ദിവസങ്ങളോളം കുരിശിൽ കിടന്ന് വെപ്രാളപ്പെട്ട് ഭ്രാന്തമായി അലറി പ്രാണൻ വിടുന്നു.

യേശുക്രിസ്തു ക്രൂശിക്കപ്പെട്ടതിന്റെ ആറാം മണിക്കൂർ തന്നെ മരണം വരിക്കുന്നു. ഒമ്പതാം മണിക്ക് അവൻ ക്രൂശിക്കപ്പെട്ടു, ഉച്ചയ്ക്ക് 12 മണിക്ക് പുളിച്ച വീഞ്ഞ് കുടിച്ച് 3-ാം മണി നേരം പ്രാണനെ വിട്ടു. അതിനാൽ അവന്റെ കൈകാലുകൾ ഒടിച്ചില്ല. ഒരു പട്ടാളക്കാരൻ യേശുവിന്റെ വിലാപ്പുറത്ത് കുന്തം കൊണ്ടു കുത്തി. വെള്ളവും രക്തവും ഒഴുകിയതു കണ്ട് മരണം സ്ഥിരീകരിച്ചു.

യേശു ക്രൂശിൽ കിടന്ന് പറഞ്ഞ ഏഴ് മൊഴികൾ താഴെ രേഖപ്പെടുത്തുന്നു:

1. പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എ അറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കേണമേ (ലൂക്കൊസ് 23:34)
2. ഇന്നു നീ എന്നോടു കൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു (ലൂക്കൊസ് 23:43)
3. സ്ത്രീയേ, ഇതാ, നിന്റെ മകൻ, എന്നു അമ്മയോടു പറഞ്ഞു; പിന്നെ ശിഷ്യനോടു: ഇതാ, നിന്റെ അമ്മ എന്നും പറഞ്ഞു. (യോഹന്നാൻ 19:26,27)
4. “ഏലീ, ഏലീ, ലമ്മാ, ശബക്താനി” എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്? (മത്തായി 27:46)
5. അതിന്റെ ശേഷം സകലവും തികെഞ്ഞിരിക്കുന്നു എന്നു യേശു അറിഞ്ഞിട്ടു തിരുവെഴുത്ത് നിവൃത്തിയാകുംവണ്ണം: “എനിക്കു ദാഹിക്കുന്നു” എന്നു പറഞ്ഞു. (യോഹന്നാൻ 19:28)
6. യേശു പുളിച്ച വീഞ്ഞ് കുടിച്ചശേഷം “നിവൃത്തിയായി” എന്നു പറഞ്ഞു (യോഹന്നാൻ 19:30)
7. യേശു അത്യുച്ചത്തിൽ “പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കൈയിൽ ഏല്പിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു; ഇതു പറഞ്ഞിട്ടു പ്രാണനെ വിട്ടു (ലൂക്കൊസ് 23:46)

## യേശു തന്റെ ജീവിതം വലിച്ചെറിഞ്ഞില്ല

യാഗമായി സമർപ്പിക്കപ്പെടുവാനുള്ള നിഷ്കളങ്കനായ കുഞ്ഞാടായി യേശു ലോകത്തിലേക്കു വന്നു. അവൻ ലോകത്തിലേക്കു വന്നപ്പോൾ പറഞ്ഞു:

**കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്തിന്നു പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല. ആകയാൽ ലോകത്തിൽ വരുമ്പോൾ: ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല; എന്നാൽ ഒരു ശരീരം നീ എനിക്കു ഒരുക്കിയിരിക്കുന്നു. സർവ്വാംഗ ഹോമങ്ങളിലും പാപയാഗങ്ങളിലും നീ പ്രസാദിച്ചില്ല.**

**അപ്പോൾ ഞാൻ പറഞ്ഞു: ഇതാ, ഞാൻ വരുന്നു, പുസ്തകച്ചുരുളിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു; ദൈവമേ നിന്റെ ഇഷ്ടം ചെയ്‌വാൻ ഞാൻ വരുന്നു എന്നു അവൻ പറയുന്നു** (എബ്രായർ 10:4-7).

അതിനാൽ യേശുവിന്റെ മരണം ഒരു ബലിയായ് മുൻകൂട്ടി നിശ്ചയിച്ചതായിരുന്നു. **തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു** (യോഹന്നാൻ 3:16). യേശു തന്നെ പറഞ്ഞു:

**മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന്നു തന്നെ** (യോഹന്നാൻ 3:14,15).

## യേശുവിന്റെ ഉയിർത്തെഴുന്നേല്പ്

വെള്ളിയാഴ്ച ഉച്ചക്കുശേഷം യേശു ക്രൂശിൽ മരിച്ചു. മൂന്നാം ദിവസമായ ഞായറാഴ്ച പ്രഭാതത്തിൽ അവൻ മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു. മരണത്തിന് അവനെ പിടിച്ചു നിർത്തുവാൻ കഴിഞ്ഞില്ല. അവന്റെ തന്നെ വാക്യത്തിൽ ഇങ്ങനെ പറഞ്ഞു:

**ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു; മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ടു** (വെളിപ്പാട് 1:18).

യേശുവിന്റെ മരണത്തിനും പുനരുദ്ധാരണത്തിനുംമുൻപ് നീതിമാന്മാരായി മരിച്ചവരെല്ലാം പാതാളത്തിന്റെ മുകളിലത്തെ അറയിലാണ് വിശ്രമിച്ചിരുന്നത്. നീതികെട്ടവർ തീയും ഗന്ധകവും നിറഞ്ഞ താഴത്തെ അറയായിലായിരുന്നു. നീതിമാന്മാർക്ക് യാതനകളൊന്നുമില്ലെങ്കിലും താഴത്തെ അറയിൽനിന്നുള്ള കരച്ചിലിന്റെ ശബ്ദം ചെറുതായി കേൾക്കാമായിരുന്നു. യേശുവിന്റെ ആത്മാവ് പാതാളത്തിലിറങ്ങി, വിശ്രമിക്കുന്ന നീതിമാന്മാരോട് സുവിശേഷം പ്രസംഗിക്കുകയും മൂന്നാം സ്വർഗ്ഗമായ പറുദീസയിലേക്ക് കൊണ്ടുവരികയും ചെയ്തു (2കൊരിന്ത്യർ 12:2-4; എഫെസ്യർ 4:8,9; സങ്കീർത്തനങ്ങൾ 68:18). ഹാബേൽ മുതൽ സ്നാപക യോഹന്നാൻ വരെയുള്ള മരിച്ച നീതിമാന്മാർക്ക് അവരുടെ പ്രവൃത്തിക്കു തക്ക മാന്യതയും അംഗീകാരവും നൽകി. ആദിമനുഷ്യനായ ആദാമിന്റെ വിധി സർവ്വ ശക്തനായ ദൈവത്തിന്റെ കരങ്ങളിലാണ്.

## യേശു മറ്റൊരു ആശ്വാസകനെ അയക്കുന്നു

സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്ന ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു ആശ്വാസദായകനായ പരിശുദ്ധാത്മാവിനെ അയയ്ക്കുന്നു (അപ്പൊസ്തല പ്രവൃത്തികൾ 2:1). ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു ഇന്നും നമ്മുടെ മദ്ധ്യേ ജീവനോടെയിരിക്കുന്നു. തന്റെ ഏകജാതനായ പുത്രനെ നമുക്കായി അർപ്പിക്കുവാൻ മടി കാണിക്കാത്ത ദൈവം നമുക്ക് എന്തെല്ലാം നൽകും?

**സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കുംവേണ്ടി ഏൽപ്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ?** (റോമർ 8:32).

## പൗലൊസിന്റെ അനുഭവം എന്താണ്?

ദൈവജനത്തിന് പൗലൊസ് ഒരു വിമതനായിരുന്നു. അവൻ ബെന്യാമീൻ ഗോത്രത്തിലുള്ളവനായിരുന്നു. അവൻ പരീശനും നിയമം അറിയാവുന്നവനുമായിരുന്നു. മഹാപുരോഹിതന്റെ കത്തുമായി ദമസ്കൊസിലെ ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാൻ കൂട്ടുകാരുമൊത്ത് പോകുമ്പോൾ യേശു അവനെ പിടിച്ചു. മിന്നുന്ന വെളിച്ചം കണ്ടപ്പോൾ അവന്റെ കാഴച നഷ്ടപ്പെട്ടു. കർത്താവ് അവനോടു സംസാരിച്ചു. "ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? നീ ആരാകുന്നു കർത്താവേ' എന്ന് പൗലൊസ് ചോദിച്ചതിന് "നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ" എന്നു യേശു പറഞ്ഞു. എന്നിട്ട് അവനോടു "നീ എഴുന്നേറ്റു പട്ടണത്തിലേക്ക് ചെല്ലുക; നീ ചെയ്യേണ്ടുന്നതു അവിടെ വച്ച് നിന്നോടു പറയും" എന്നു പറഞ്ഞു (അപ്പൊസ്തല പ്രവൃത്തികൾ 9:4-6). അവിടെ യേശുവിന്റെ ശിഷ്യനായ അനന്യാസ് അവനുവേണ്ടി പ്രാർത്ഥിക്കുകയും അവന്റെ കാഴ്ച തിരിച്ചുകിട്ടുകയും ചെയ്തു. രാജാക്കന്മാരോടും വിജാതീയരോടും സുവിശേഷം അറിയിക്കുവാൻ ഒരു മത്സരിയായവനെ തിരഞ്ഞെടുത്തു. അവൻ പിന്നീട് യേശുവിന്റെ മുഖ്യശിഷ്യനാകുകയും സുവിശേഷം പ്രചരിപ്പിക്കുന്നതിനു വേണ്ടി മരണം വരിക്കാൻ വരെ തയ്യാറാകുകയും ചെയ്തു. അവൻ തന്റെ ജീവന്റെ അവസാന ശ്വാസം വരെയും യേശുവിനുവേണ്ടി പ്രവർത്തിച്ചു.

## ഒരു വ്യക്തിക്ക് എന്തു ചെയ്യാൻ കഴിയും?

പൗലൊസ് തന്റെ സ്വന്തം അനുഭവം വിശദീകരിക്കുന്നു. **ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു** (ഗലാത്യർ 2:20). ലളിതമായി പറഞ്ഞാൽ അവൻ ക്രിസ്തുവിനോടുകൂടെ മരിച്ചു, ഇപ്പോൾ അവനിൽ ജീവിക്കുന്ന വ്യക്തി ക്രിസ്തുവാണ്.

എല്ലാവരും ക്രിസ്തുവിന്റെ തൊഴുത്തിലേക്ക് കടന്നുവരണമെന്നും, രക്ഷ എന്ന വലിയ ദാനം നേടണമെന്നും ദൈവരാജ്യത്തിന് ഓഹരിക്കാരായിത്തീരണമെന്നതും ദൈവഹിതമാണ്. പൗലൊസ് എല്ലാവരോടും അപേക്ഷിക്കുന്നത്:

*06-ാം പേജിൽ തുടരും...*


नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।

माध्यमः हिन्दी

सदस्यता के लिए पंजीकृत उम्मीदवार - ATA

सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 53 वर्षों से सेवारत वरिष्ठ पासवान

सर्टिफिकेट इन थियोलॉजी – 1 साल

योग्यता 10 वी या अधिक
जल्दी करें!

Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org

★ ऑनलाइन कक्षाएं उपलब्ध हैं ★

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)



## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ഏപ്രിൽ 19** : ഏപ്രിൽ 17 ഞായറാഴ്ച നടന്ന ഈസ്റ്റർ ആരാധനകൾ ദൈവം അനുഗ്രഹിച്ചു.

**ഏപ്രിൽ 20** : സുവിശേഷം എത്തിച്ചേരാത്ത മേഖലകളിൽ പ്രവർത്തിക്കുവാൻ ദൈവം അനുഗ്രഹിച്ചു.

**ഏപ്രിൽ 21** : **വിളിയുടെ പ്രതിധ്വനി**യുടെ കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ ദൈവം അനുഗ്രഹിച്ചു.

**ഏപ്രിൽ 22** : നമ്മുടെ എല്ലാ അസ്സോസിയേറ്റ് അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കുമായി.

**ഏപ്രിൽ 23** : നമ്മുടെ സഭയിലെ പുരുഷ കൂട്ടായ്മയെ ദൈവം അനുഗ്രഹിച്ചു.

**ഏപ്രിൽ 24** : ഞങ്ങളുടെ സുവിശേഷ അച്ചടിശാലയിൽ 17 ഭാഷകളിലുള്ള വിളിയുടെ പ്രതിധ്വനി മാസികകൾ അച്ചടിച്ച് വിതരണം ചെയ്യാൻ ദൈവം സഹായിച്ചു.

**ഏപ്രിൽ 25** : കൂടുതൽ വിശ്വാസികൾ ഞങ്ങളുടെ എല്ലാ സഭകളിലും കടന്നുവരുവാൻ ദൈവം അനുഗ്രഹിച്ചു.

**ഏപ്രിൽ 26** : പ്രാർത്ഥനയാലും സംഭാവനകളാലും നമ്മെ സഹായിക്കുന്നവർക്കായി.

**ഏപ്രിൽ 27** : സംസ്ഥാന കോഡിനേറ്റർമാർക്കും അവരുടെ കൂട്ടായ്മകൾക്കായും.

**ഏപ്രിൽ 28** : മുഖ്യസഭയിലെ സ്ത്രീകളുടെ കൂട്ടായ്മയെ ദൈവം അനുഗ്രഹിച്ചതിനായി.

**ഏപ്രിൽ 29** : ഹിന്ദി ഓൺലൈൻ തിയോളജിക്കൽ കോഴ്സിനെ ദൈവം അനുഗ്രഹിച്ചതിനായി.

**ഏപ്രിൽ 30** : സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്നിവക്കായി.

**മെയ് 01** : മിഷൻ പ്രവർത്തകരുടെ മഹത്തായ പ്രതിബദ്ധതയ്ക്കായി.

**മെയ് 02** : പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും സമൃദ്ധമായി അനുഗ്രഹിച്ചതിനായി.

**മെയ് 03** : **വിളിയുടെ പ്രതിധ്വനി** ജീവനക്കാരെ കോവിഡ് 19 ൽ നിന്നും കാത്തുപരിപാലിച്ചതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**മെയ് 04** : റഷ്യയും ഉക്രെയിനും തമ്മിലു ള്ള യുദ്ധത്തിനായും ലോക സമാധാനത്തിനായും.

**മെയ് 05** : **വിളിയുടെ പ്രതിധ്വനി**യുടെ ഈ മാസത്തെ എല്ലാ സാമ്പത്തിക ആവശ്യ ങ്ങളും നിറവേറപ്പെടുവാൻ.

**മെയ് 06** : ക്രിസ്തീയ സംഘടനകൾക്കായി.

**മെയ് 07** : കോഡിനേറ്റർമാർക്കും പാസ്റ്റർമാർക്കും പുതിയ ശക്തി ദൈവം നൽകുവാൻ.

**മെയ് 08** : **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയ്ക്ക് അർപ്പണബോധമുള്ള കൂടുതൽ പ്രവർത്തകരെ ലഭിക്കുവാൻ.

**മെയ് 09** : സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ അവസാനിക്കുവാൻ

**മെയ് 10** : ലോകത്തിൽ നിന്നും കൊറോണാ വൈറസുകൾ തുടച്ചുമാറ്റുവാൻ.

**മെയ് 11** : മിഷൻ ഫീൽഡിലെ പ്രവർത്തകർക്കായി.

**മെയ് 12** : നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കും.

**മെയ് 13** : കൊറോണ മൂലം കുടുംബാംഗങ്ങൾ നഷ്ടപ്പെട്ട് വേദനയിൽ കഴിയുന്നവർക്കായി.

**മെയ് 14** : ഇംഗ്ലീഷ് അസ്സോസിയേറ്റ് എഡിറ്റർ ബ്ര. പോൾ രാജിന്റെ പൂർണ്ണ വിടുതലിനായി.

**മെയ് 15** : സീനിയർ പാസ്റ്ററുടെ ആത്മകഥാ രചന വിജയത്തിലെത്തിച്ചേരുവാനായി.

**മെയ് 16** : ലോകം മുഴുവനുമുള്ള സമാധാനത്തിനായി.

**മെയ് 17** : നമ്മുടെ സഭകളലെ വിശ്വാസികൾ, നേതാക്കൾ, പ്രാർത്ഥനാവീരന്മാർ തുടങ്ങിയവർക്കായി.

**മെയ് 18** : നമ്മുടെ സീനിയർ പാസ്റ്ററെയും കുടുംബത്തെയും എല്ലാ തിന്മകളിൽനിന്നും ദൈവം സംരക്ഷിക്കുവാൻ.

*... 4-ാം പേജിന്റെ തുടർച്ച*

**സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ** (റോമർ 12:1).

അവൻ വീണ്ടും പറയുന്നു: **ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ** (റോമർ 12:2).

തന്നോടൊപ്പം ജീവിക്കുവാനായി സമർപ്പണമുള്ള ജീവിതം കർത്താവ് ആഗ്രഹിക്കുന്നു. "കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്നവരായ നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും".

## ലോകം എങ്ങോട്ടു പോകുന്നു?

ലൗകീകരായ ജനതയെ സാത്താൻ തന്ത്രപരമായി വശീകരിച്ച് മോഹാലസ്യജനകമായ ആനന്ദത്തിലേക്കും വശീകരിക്കുന്ന സുഖങ്ങളിലേക്കും നയിച്ച് അവരുടെ സമാധാനം നഷ്ടപ്പെടുത്തി ചിത്തഭ്രമം പിടിച്ചവരെപ്പോലെ ആക്കി തന്റെ ലോകത്തിലേക്ക് ഓടിച്ചു കയറ്റുന്നു. ലോകം അവന്റെ നാട്യത്തിലൂടെ തഴച്ചു വളരുന്നു. അവരെ ചുറ്റിനില്ക്കുന്ന മരണക്കെണി അവർ മനസ്സിലാക്കുന്നില്ല. ദൈവവചനത്തിലേക്ക് അവർ ശ്രദ്ധ ചെലുത്തുന്നതേയില്ല. കുരിശിന്റെ പഠിപ്പിക്കലുകൾ അവർക്കു വെറുപ്പാണ്. ലോകത്തിലെയും സ്വയത്തിന്റെയും പലവിധമായ കാര്യങ്ങളിൽ അവർ വീമ്പു പറയുന്നു. അവർ തങ്ങളുടെ കൊട്ടാരസമാനമായ വീടുകൾ, ബോട്ടുകൾ പോലുള്ള കാറുകൾ, സമ്പത്ത്, ബാങ്ക് ബാലൻസ്, ഭാര്യയും മക്കളും ഇങ്ങനെയുള്ള സകലത്തിലും അവൻ അഭിമാനം കൊള്ളുന്നു, കർത്താവിന് അവിടെ ഇടമേയില്ല. കോവിഡ് 19 മഹാമാരി ഇവരിൽ പലരെയും നിമിഷനേരം കൊണ്ടു തുടച്ചുനീക്കി. ഓക്സിജൻ സിലിണ്ടറിനുവേണ്ടി പരക്കം പാഞ്ഞു. അതു ലഭിക്കാതെ പലരും മരണപ്പെട്ടു. മേഘസ്ഫോടനങ്ങൾ പലയിടത്തും ജനജീവിതം ദുസ്സഹമാക്കി. യൂറോപ്യൻ രാജ്യങ്ങളിൽ 1000 വർഷങ്ങൾക്കിപ്പുറമുണ്ടാകാത്തവിധം റെക്കോർഡ് മഴ ചൈനയിൽ രേഖപ്പെടുത്തി. ഉരുൾപൊട്ടൽ, അഗ്നിപർവ്വത സ്ഫോടനം, ഭൂകമ്പം തുടങ്ങിയവ ജനജീവിതം ദുസ്സഹമാക്കി. എന്നിട്ടും ജനം തങ്ങളെത്തന്നെ താഴ്ത്തുകയോ തങ്ങളുടെ സ്വത്തുകളെക്കുറിച്ച് വീമ്പിളക്കുന്നതു നിറുത്തുകയോ ചെയ്തില്ല. വേദപുസ്തകം പറയുന്നത്:

യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: **ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കരുത്; ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കരുത്; ധനവാൻ തന്റെ ധനത്തിലും പ്രശംസിക്കരുത്. പ്രശംസിക്കുന്നവനോ: യഹോവയായ ഞാൻ ഭൂമിയിൽ ദയയും നീതിയും ന്യായവും പ്രവർത്തിക്കുന്നു എന്നിങ്ങനെ എന്നു ഗ്രഹിച്ചറിയുന്നതിൽ തന്നെ പ്രശംസിക്കട്ടെ;**

**ഇതിൽ അല്ലോ എനിക്കു പ്രസാദമുള്ളതു എന്നു യഹോവയുടെ അരുളപ്പാട്** (യിരെമ്യാവ് 9:23,24).

കർത്താവു തന്നെ ഭൂമിയിൽ ദയയും ന്യായവും നീതിയും പ്രവർത്തിപ്പിക്കുന്നു. കർത്താവ് പരമോന്നതനാണ്. ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച കർത്താവായ യേശുക്രിസ്തുവിനേക്കാൾ വലിയ ശക്തി ഭൂമിയിലോ സ്വർഗ്ഗത്തിലോ ഇല്ല. അതുകൊണ്ടാണ് പൗലൊസ് അപ്പൊസ്തലൻ പറയുന്നത്:

**എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു** (ഗലാത്യർ 6:14).

പൗലൊസിനെ സംബന്ധിച്ചിടത്തോളം ലോകം വിശാലമായി തുറന്നുകിടക്കുകയല്ല, പിന്നെയോ, അത് ക്രൂശിക്കപ്പെടുകയോ നിയന്ത്രണവിധേയമാക്കുകയോ ചെയ്തിരിക്കുകയാണ്. ഒരു ദൈവദാസൻ തമിഴിൽ **മേൺമൈ പാറാട്ടുവേൻ** എന്ന ഒരു ഗാനം രചിച്ചു.

*ഞാൻ അവന്റെ നാമം ഉയർത്തും*
*ഞാൻ അവന്റെ നാമം ഉയർത്തും*
*ഞാൻ യേശുവിന്റെ സ്നേഹം മാത്രം*
*ഉയർത്തും!*
*കുരിശ് എന്റെ കൊമ്പും കുരിശ്*
*എന്റെ ആശ്രയവും*
*യേശുവേ അങ്ങേയ്ക്കു സ്തുതി,*
*അങ്ങേയ്ക്കു സ്തുതി*
*കാൽവരിയിലെ യേശുവിനു സ്തുതി!*
*ഞാൻ ക്രൂശിക്കപ്പെട്ടു, ഞാൻ*
*ക്രൂശിക്കപ്പെട്ടു*
*അതു ഞാനല്ല, യേശുവാണ്*
*അത് എന്നിൽ ഞാൻ കാണിക്കും!*
*ഞാൻ ക്രൂശു വഹിക്കും, ഞാൻ ക്രൂശു*
*വഹിക്കും*
*ഞാൻ കഷ്ടത സഹിക്കും*
*യേശുവിന്റെ മഹത്വത്തിനായ്!*

06-ാം പേജിൽ തുടരും...


നെഹെമ്യ ബൈബിൾ
സായാഹ്ന കോളേജ്

ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ
ഭാഷ : തമിഴ്
അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL ★ Estd. 1969

കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്
വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ
അതിവേഗം അഡ്മിഷൻ നേടുവിൻ!

Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

ഇത് എല്ലാ ക്രിസ്ത്യാനിയുടെയും പാട്ടായിരിക്കണം.

നമ്മുടെ ദൈവം ത്രിയേക ദൈവമാണ്. അനുഗ്രഹത്തിന്റെയും സംരക്ഷണത്തിന്റെയും പ്രതീകമായ ക്രിസ്തു എന്ന ദൈവത്തിന്റെ ദൂതനായ യേശു. അവൻ എല്ലാം ദാനമായി നൽകുന്ന പ്രവൃത്തിയുടെ കർത്താവും ദൈവവും പരമോന്നതനായ ദൈവവുമാണ്. അവൻ മറ്റൊന്നിന്റെയും പ്രതീകമാണ്. സൃഷ്ടിക്കു മുമ്പും സൃഷ്ടിയോടൊപ്പവും സൃഷ്ടിക്കു ശേഷവും ഉള്ള നിത്യനായ ദൈവമാണ്. അതുകൊണ്ടാണ് നമ്മുടെ ദൈവം വിസ്മയാവഹമായ ദൈവമാണ്. പൗലൊസിന് കർത്താവിനെക്കുറിച്ച് കൂടുതൽ കൂടുതൽ അറിയാൻ ആഗ്രഹമുണ്ടായി. യേശു, ക്രിസ്തുവാണെന്നുള്ള അറിവുകൊണ്ടുമാത്രം അവൻ തൃപ്തനായില്ല. **ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതുതന്നേ നിത്യ ജീവൻ ആകുന്നു** എന്ന് യേശുക്രിസ്തു തന്നെക്കുറിച്ചു തന്നെ പറയുന്നു (യോഹന്നാൻ 17:3).

ക്രിസ്തുവിനുവേണ്ടിയുള്ള അന്വേഷണത്തിൽ, ഒരിക്കൽ ലാഭമെന്നു കരുതിയിരുന്ന പാരമ്പര്യം, സമ്പത്ത്, നിയമ പരിജ്ഞാനം, റോമാ പൗരത്വം എന്നിവയെല്ലാം യേശുവിന്റെ മുന്നിൽ ചപ്പും ചവറുമായിരുന്നുവെന്ന് പൗലൊസ് തന്നെ പറയുന്നു. ക്രിസ്തുവിനെ നേടേണ്ടതിനായി മറ്റെല്ലാം നഷ്ടമെന്ന് കണക്കാക്കുന്നു. "അവനിൽ ഇരിക്കേണ്ടതിനും അവന്റെ മരണത്തോടു അനുരൂപപ്പെട്ടിട്ടു അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും ഇങ്ങനെ വല്ലവിധേനയും മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം എന്നു വെച്ചും ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ചു ചവറു എന്നു എണ്ണുന്നു" (ഫിലിപ്പിയർ 3:7,10,11).

ഫാദർ ബെർക്ക്മാൻ പാടുന്നത്:

എന്റെ രാജാവേ, അങ്ങയുടെ സാന്നിദ്ധ്യം മതി

എനിക്ക് എപ്പോഴും മതി

അങ്ങയുടെ സാന്നിദ്ധ്യം, അങ്ങയുടെ സാന്നിദ്ധ്യം

അങ്ങയുടെ ദൈവീക സാന്നിദ്ധ്യം!

എന്നിട്ടും എനിക്കു നിന്നെ കൂടുതൽ അറിയാം

എന്നിട്ടും കൂടുതൽ നിങ്ങളോട് അടുത്തു വരുന്നു.

## യേശു വിളിക്കുന്നു

**അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും** (മത്തായി 11:28).

ഈ ആഹ്വാനം സ്വന്തജനതയായ യഹൂദർക്കു മാത്രമല്ല, രാജ്യ, വംശ, ഭാഷാ വ്യത്യാസമില്ലാതെ എല്ലാവർക്കുമുള്ളതാണ്. **എനിക്കു പ്രീയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നു; ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക. ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും** (വെളിപ്പാട് 3:19,20).

വേദപുസ്തകം പറയുന്നു: **അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു; നമ്മുടേതിനു മാത്രം അല്ല; സർവ്വലോകത്തിന്റെ പാപത്തിനും തന്നേ** (1യോഹന്നാൻ 2:2).

ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടിയാണ് യേശു കുരിശ് സ്വീകരിച്ചത്. ആദാം മുതൽ യേശുക്രിസ്തു വരെയുള്ള ആദ്യവിഭാഗത്തിൽ നിന്ന് വലിയ കൂട്ടം ആളുകളെക്കൊണ്ട് തന്റെ രാജ്യം നിറയ്ക്കാൻ കർത്താവ് ആഗ്രഹിച്ചു. രാജാക്കന്മാരുടെ രാജാവായി ഭൂമിയിലെ ആയിരമാണ്ട് വാഴ്ചയിലൂടെ പുതിയൊരു വിഭാഗത്തെ നേടുവാൻ യേശുവിന് പദ്ധതിയുണ്ടായിരുന്നു. ഇവർ യഹൂദരുടെ 12 ഗോത്രങ്ങളിൽനിന്ന് ദൈവം തിരഞ്ഞെടുത്തവരായിരുന്നു. പീഢനകാലത്ത് ഇവർ മാലാഖമാരാൽ നെറ്റിയിൽ മുദ്ര കുത്തപ്പെട്ടവരുമായിരുന്നു.

ഇപ്പോൾ കുരിശിൽനിന്ന് കൃപയും കരുണയും ഒഴുകുന്നു. പുരാതന കാലത്ത് മൂടുപടത്തിനു പിന്നിൽ വിശുദ്ധ സ്ഥലത്ത് സൂക്ഷിച്ചിരുന്ന പെട്ടകത്തിലൂടെയാണ് ജനങ്ങൾ ദൈവകൃപ അനുഭവിച്ചിരുന്നത്. ഇപ്പോൾ അത് യേശുവിന്റെ കുരിശാണ്. കുരിശിലേക്ക് നോക്കുന്നവർ തങ്ങളെ തന്നെ മരിപ്പിച്ചിട്ട് ക്രിസ്തുവിനുവേണ്ടി ജീവിക്കണം. ക്രിസ്തുവിനുവേണ്ടി ജീവിക്കുന്നവർ ദൈവരാജ്യത്തിന് ഓഹരിക്കാരായിത്തീരും.

## ശിഷ്യന്മാർക്കുള്ള വിളി

ശിഷ്യന്മാർക്കുള്ള വിളി വിശ്വാസികൾക്കായുള്ള വിളിയെക്കാൾ വ്യത്യസ്തമാണ്. ശിഷ്യന്മാർക്കുള്ള വിളിക്കയിൽ വലിയ ത്യാഗവും കഷ്ടപ്പാടും ഉണ്ട്. സ്വയവും വീടും കുടുംബവുമെല്ലാം ത്യജിക്കുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ഇതെല്ലാം ത്യജിച്ച് യേശുവിനെ പിൻഗമിക്കുന്നത് വലിയ കാര്യമാണ്. അവർക്ക് വലിയ ബഹുമതികൾ ലഭിക്കും. അങ്ങനെയൊരു വിളി തിരഞ്ഞെടുത്താൽ അവർ അപ്പൊസ്തലന്മാരെന്നു വിളിക്കപ്പെടും. ത്യാഗത്തിന്റെ ചരിത്രമോ സഭാസ്ഥാപനമോ ഒന്നുമില്ലാതെ ഇന്ന് അനേകർ അപ്പൊസ്തലന്മാരെന്ന് സ്വയം വിശേഷിപ്പിക്കുന്നു.

യേശുക്രിസ്തു പറഞ്ഞു: **ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ** (മർക്കൊസ് 8:34). "പത്രൊസ് അവനോട് ഇതാ, ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചിരിക്കുന്നു... അതിന്നു യേശു: എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ സഹോദരന്മാരെയോ സഹോദരികളെയോ അമ്മയെയോ അപ്പനെയോ മക്കളെയോ നിലങ്ങളെയോ വിട്ടാൽ ഈ ലോകത്തിൽ തന്നേ, ഉപദ്രവങ്ങളോടുംകൂടെ നൂറു മടങ്ങ് വീടുകളെയും സഹോദരന്മാരെയും സഹോദരികളെയും അമ്മമാരെയും മക്കളെയും നിലങ്ങളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരുമില്ല" (മർക്കൊസ് 10:28-30). ദൈവത്തിനായി കൊടുക്കുന്നവർ ഒരിക്കലും ദരിദ്രരായിത്തീരുകയില്ല. കർത്താവ് വീണ്ടും പത്രൊസിനോട് പറഞ്ഞു: "എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജ്ജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനത്തിൽ ഇരുന്ന് യിസ്രായേൽ ഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കും" (മത്തായി 19:27,28).

അനുഗമിക്കുന്നവർക്ക് കുരിശ് അനേകം നന്മകൾ നൽകുന്നു. എന്നാൽ കുരിശിന്റെ പഠിപ്പിക്കൽ പലർക്കും ഭ്രാന്തമായി തോന്നാം. അവർ സാത്താന്റെ പിടിയിലകപ്പെട്ട് നാശത്തിലേക്ക് പോകുന്നു. എന്നാൽ, ക്രിസ്തുവിന്റെ സ്നേഹം ആസ്വദിച്ചവരും കുരിശിന്റെ മഹത്വം അറിയുന്നവരും ഈ നശിച്ചു പോകുന്ന ജനതയെ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ കീഴിൽ കൊണ്ടുവരണം. കുരിശിന്റെയും ക്രിസ്തുവിന്റെ സ്നേഹത്തിന്റെയും കീഴിൽ ഇന്ന് അനേകർ കടന്നുവരുന്നുണ്ട്. കുരിശിന്റെ പഠിപ്പിക്കലുകൾ നമുക്ക് ദൈവീക ശക്തിയാണ്. ആമേൻ!!



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

“വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ” (മത്തായി 24:15)

## ദൈവം ഒരുക്കിത്തന്ന നല്ല സാഹചര്യങ്ങൾ

എന്റെ പ്രൈമറി സ്കൂൾ വിദ്യാഭ്യാസം കണ്ണാട്ടുവിളയിലെ ഒരു ചെറിയ ഗ്രാമത്തിലെ സർക്കാർ സ്കൂളിൽ പൂർത്തിയാക്കിയതിനു ശേഷം എന്നെ ആത്മീയ വഴികളിൽ വളർത്തുക എന്ന ഉദ്ദേശത്തോ




Government School, Kannatuvilai



Hacker Memorial Upper Primary School



Government High School, Eranial




Lakshmipuram College

ടുകൂടെ എന്റെ മാതാപിതാക്കൾ എന്നെ നെയ്യൂരിലെ ഹാക്കർ മെമ്മോറിയൽ അപ്പർ പ്രൈമറി ക്രിസ്റ്റ്യൻ സ്കൂളിൽ ചേർത്തു. ആറാം ക്ലാസ്സ് മുതൽ ഈ സ്കൂളിലാണ് ഞാൻ ഇംഗ്ലീഷ് പഠിച്ചു തുടങ്ങുന്നത്. വീട്ടിൽ നിന്നും നെയ്യൂർ എന്ന ചെറിയ പട്ടണത്തിലേക്ക് അഞ്ചു കിലോമീറ്റർ ദൂരമുണ്ടായിരുന്നു. സ്കൂളിൽ പോയി വരാനുള്ള പത്തു കിലോമീറ്റർ ദൂരം നടക്കുവാൻ മാതാപിതാക്കൾ എന്നെ പ്രേരിപ്പിച്ചു. ആ സ്കൂളിലെ അദ്ധ്യാപകരുടെ സ്നേഹവും വിവേക



***Photo taken on the retirement day of Mr. C. Devadhas (Sitting : 4th person from Left to Right)***

വും അർപ്പണബോധവും ത്യാഗവും എന്നെ വല്ലാതെ ആകർഷിച്ചു. തുടർന്ന് നെയ്യൂർ ഗവൺമെന്റ് ഹൈസ്കൂൾ എരണിയൽ, ലക്ഷ്മിപുരം കോളേജ് ഓഫ് ആർട്ട്സ് ആന്റ് സയൻസ് എന്നിവിടങ്ങളിൽ പഠിച്ചു.

റവ. കേസരി, ശ്രീ. മുത്തയ്യ (ഹെഡ് മാസ്റ്റർ), ശ്രീ. സി. ദേവദാസ്, ശ്രീ. സൂന്ദരരാജ്, വനിതാ അദ്ധ്യാപകരായ ശ്രീമതി. സ്റ്റെല്ലാ ഹെപ്സിബാ ചെല്ലപ്പാ, ശ്രീമതി. ബി. അണ്ണാബായി മോസസ്, ശ്രീമതി. സരോജാ തങ്കവടിവ്, ശ്രീമതി. ഏതാഴ്, ശ്രീമതി. പി. ലിസി എന്നിവരുടെ സമർപ്പണം എന്നെ ദൈവഭയമുള്ള വ്യക്തിയാക്കി മാറ്റി. എന്റെ ചില ശാരീരിക അസ്വസ്തതകൾ മൂലമുള്ള അപകർഷതാബോധം



***Mrs. B. Annabai Moses, Mrs. Stella Hepsibah and Mrs. J. Saroja Thangavadivu (Left to Right)***

ഉണ്ടായിരുന്നതിനാൽ മറ്റു കുട്ടികളുമായി ഇടപഴകാറില്ലായിരുന്നു. എന്റെ അദ്ധ്യാപകരായ ശ്രീ. സി. ദേവദാസ്, ശ്രീ. സൂന്ദരരാജ്, ശ്രീമതി. ബി. അണ്ണാബായി മോസസ്, ശ്രീമതി. സ്റ്റെല്ലാ ഹെപ്സിബാ ചെല്ലപ്പാ, ശ്രീമതി. സരോജാ തങ്കവടിവ് എന്നിവർ എന്നെ പ്രചോദിപ്പിക്കുന്നതിനും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും പ്രത്യേക ശ്രദ്ധ പുലർത്തി.

അദ്ധ്യാപകർ എന്നോടു കാണിച്ച ദൈവീക സ്നേഹവും കരുതലും എന്നെ ജീവനുള്ള ദൈവമായ യേശുക്രിസ്തുവിങ്കലേക്ക് നയിച്ചു. ദരിദ്രരെ സ്നേഹിക്കുവാനും അവശതയുള്ള പീഢിതരോട് കരുണ കാണിക്കുവാനും വേദപുസ്തക സത്യങ്ങളുടെ അഗാധതകളിലേക്ക് എത്തിച്ചേരുവാനും ഇവർ എന്നെ പഠിപ്പിച്ചു. ചെറുപ്പമായിരുന്നെങ്കിലും ഞാൻ സങ്കീർത്തനങ്ങൾ 1,2,23,91,121,136,1കൊരിന്ത്യർ 13-ാം അദ്ധ്യായം, മത്താ യി 4,5,6 അദ്ധ്യായങ്ങൾ എന്നിവ കാണാതെ പറയാൻ പഠിച്ചു. ഞാൻ കഠിനാദ്ധ്വാനത്തിന്റെയും സത്യസന്ധതയുടെയും, നേരിന്റെ മാർഗ്ഗത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചും പഠിച്ചു. ഇത് പിൽക്കാലത്ത് സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ തുടങ്ങുവാൻ എനിക്കു പ്രചോദനമായി. എന്റെ ഉത്തമ സഹപാഠിക



**Bro. B. Emmanuel Manoharan**



**Bro. G. Jeyananda Paulmony (late)**

ളായിരുന്ന ബ്ര. ബി. ഇമ്മാനുവേൽ മനോഹരൻ, റവ. സാം യേശുദാസ്, ബ്ര. ചാൾസ് പേൺ ബെന്റ്‌ലി, ബ്ര. ഹംഫ്രി വിനിസ്റ്റർ, ബ്ര. തങ്കരശൽ, ബ്ര. ഹാരിസൺ ഫെസ്റ്റസ് ജോയൽ, ബ്ര. രവി ദേവദാനം, ബ്ര. ഡി.ഡി. രാജൻ, ബ്ര. ഓഡ്സൺ മോഹൻ, റവ.ഡോ. എ. സെൽവരാജ്, ബ്ര.ജി. ദയാനന്ത പോൾ മണി എന്നിവർ എന്റെ ആത്മീയ സ്നേഹിതരായിരുന്നു. ഇവരിൽ കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ട ബ്ര. ഹാരിസൺ ഫെസ്റ്റസ് ജോയൽ, ബ്ര.ജി. ദയാനന്ത പോൾ മണി എന്നിവർ ഒഴികെയുള്ളവരെല്ലാം യേശുക്രിസ്തുവിന്റെ മുന്നണി ശുശ്രൂഷകരാണ്.

അങ്ങനെ കർത്താവ് എനിക്ക് ശക്തമായ അടിത്തറ നൽകി, പടി പടിയായി എന്നെ ദൈവീക ശുശ്രൂഷയെ സ്നേഹിക്കുന്ന, ആത്മീയ ആഴം കണ്ടെത്താൻ കഴിവുള്ള ദൈവദാസനായി ഉയർത്തി.

## നെഹെമ്യ ബൈബിൾ കോളേജിൽ നിന്നുള്ള വാർത്തകൾ

കഴിഞ്ഞ ചില വർഷങ്ങൾ കോവിഡ് 19 മൂലം ഞങ്ങളുടെ സുവിശേഷപ്രവർത്തനങ്ങൾ സാമ്പത്തിക ബുദ്ധിമുട്ട് വളരെയധികം ബാധിച്ചു. ഈ പ്രയാസമേറിയ ഘട്ടത്തെ തരണം ചെയ്യാൻ ഞങ്ങൾ കഠിനമായി ശ്രമിക്കുന്നു. ദൈവത്തിനു മഹത്വം!





ഏഷ്യൻ തിയോളജിക്കൽ അസ്സോസിയേഷന്റെ മാനദണ്ഡം അനുസരിച്ച് നമ്മുടെ നെഹെമ്യ ബൈബിൾ കോളേജിന് അംഗത്വം ലഭിക്കുവാൻ മെമ്പർഷിപ്പിന് യോഗ്യമായ സ്ഥാപനം എന്ന അംഗീകാരം ലഭിക്കുകയുണ്ടായി. 8000 ബുക്കുകളുള്ള ലൈബ്രറിയാണ് അംഗീകാരത്തിനായി ആവശ്യമുള്ളത്. പക്ഷെ 2000 ബുക്കുകൾ മാത്രമാണ് ഇപ്പോൾ ഉള്ളത്. ബാക്കിയുള്ളവ കൂടി വാങ്ങുവാൻ ആവശ്യമായ പണം ഇല്ലാത്തതിനാൽ അതിനുവേണ്ടി വളരെ നാളുകളായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. വളരെ നാളുകളായി ഞങ്ങൾ ഇതിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

ഞങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരമായി ഒരു സുഹൃത്ത് 4000 ബുക്കുകൾ തന്നു സഹായിച്ചു. വളരെ ശ്രമഫലമായി 18 സ്റ്റീൽ ഷെൽഫുകൾ വാങ്ങി എല്ലാ ബുക്കുകളും ക്രമമായി അടുക്കി വയ്ക്കുവാൻ ദൈവം സഹായിച്ചു.

ഈ ബുക്കുകളുടെ പേരുകൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി ഓർഡറിലാക്കുവാനുള്ള ശ്രമകരവും സാമ്പത്തിക ബാദ്ധ്യതയുള്ളതുമായ ജോലിയാണ് ഇനിയുള്ളത്. ഞങ്ങളുടെ നെഹെമ്യ ബൈബിൾ കോളേജ് അദ്ധ്യാപകർ, പാസ്റ്റർമാർ, തൊഴിലാളികൾ എന്നിവർക്കുള്ള സാമ്പത്തിക പിന്തുണ, അച്ചടി പേപ്പറിന്റെ വില, പ്രസ്സുമായി ചേർന്നുള്ള ചെലവുകൾ, യാത്രാ ചെലവ് എന്നിവ കണ്ടെത്തുവാൻ വളരെയധികം ബുദ്ധിമുട്ടുന്നു. ഇങ്ങനെയുള്ള ചെലവുകളെക്കുറിച്ച് ഞങ്ങൾ പരസ്യപ്പെടുത്താറില്ല. പക്ഷെ ഓരോ മാസത്തെയും ഇതുപോലെയുള്ള ചെലവുകൾ വളരെയധികം പ്രാർത്ഥനയോടും വിശ്വാസത്തോടും കഠിനമായ പ്രയത്നത്തോടുമാണ് നിറവേറപ്പെടുന്നത്. ഈ അവസരത്തിൽ ഈ പുസ്തകങ്ങൾ കമ്പ്യൂട്ടറിൽ ചേർത്ത് വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കായി വേർതിരിക്കണമെങ്കിൽ താഴെ കൊടുത്തിരിക്കുന്ന ആവശ്യങ്ങൾ നിറവേറേണ്ടതായുണ്ട്:

| | | |
|---|---|---|
| 1. രണ്ട് കമ്പ്യൂട്ടർ - 55,000/- വീതം | : | 1,10,000/- രൂപ |
| 2. കമ്പ്യൂട്ടറിനാവശ്യമായ കൊഹാ സോഫ്റ്റ്‌വെയർ | : | 20,000/- രൂപ |
| 3. അപ്‌ലോഡ് ചെയ്യാനും ബുക്കുകളുടെ പേരുകൾ എന്റർ ചെയ്യാനും | : | 30,000/- രൂപ |
| 4. മറ്റു ചിലവുകൾ | : | 10,000/- രൂപ |
| ആകെ | : | 1,70,000/- രൂപ |

ഈ അത്യാവശ്യ ചിലവുകൾ വഹിക്കാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. ദൈവം നിങ്ങളുടെ ഹൃദയത്തിൽ തോന്നിക്കുന്നതുപോലെ ചെറിയ സംഭാവനയായിട്ടോ, ഏതെങ്കിലും വിഭാഗമായിട്ടോ, മൊത്തമായിട്ടോ, നിങ്ങളുടെ കഴിവിനു അനുസരണമായി സഹായിക്കുവിൻ. സഹായിക്കുവാനായി നിർബന്ധിക്കുന്ന സ്വഭാവം ഞങ്ങൾക്ക് ഇല്ല. നിങ്ങൾ ഞങ്ങളുടെ സഹപ്രവർത്തകരായതുകൊണ്ടാണ് ഞങ്ങൾ ഇത് പറയുന്നത്. തെറ്റിദ്ധരിക്കരുത്. ദയവായി പ്രാർത്ഥിക്കുവിൻ.

ഞങ്ങളും നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു. കർത്താവായ യേശുക്രിസ്തു നിങ്ങളെ കൂടുതലായി അനുഗ്രഹിക്കട്ടെ -എഡിറ്റർ

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

**വിളിയുടെ പ്രതിധ്വനി യുട്യൂബ്**

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ -എഡിറ്റർ

## OUR BANK DETAILS:

### 1. Bank : State Bank of India

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### 2. Bank : ICICI Bank

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### 3. Bank : State Bank of India

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/- രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/- രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATIONS ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th APRIL, 2022.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by him at **Echo of His Call Printers**, New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**